(ബി) ഒന്നിൽ കൂടുതലുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചാൽ അനുവദിച്ച തുകകളിൽ കൂടിയ തുക കക്ഷിക്ക് നൽകണമെന്നും മറ്റുള്ള അപേക്ഷകൾ നിരസിക്കുന്നതുമാണ്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഒരാൾക്ക് ഒരേ ആവശ്യത്തിന് ഒന്നിൽ കൂടുതൽ തവണ ധനസഹായം ലഭിക്കുന്നില്ലെന്ന് ബന്ധപ്പെട്ട തഹസിൽദാർമാർ മുഖാന്തിരം പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. അപേക്ഷയുടെ ഇരട്ടിപ്പ് കണ്ടുപിടിക്കുന്നതിന് പ്രത്യേകം സോഫ്റ്റ്വെയർ 'കരുതൽ 2015' ൽ C-DIT മുഖേന ലഭ്യമാക്കിയിരുന്നു. ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് മുഖേനയും ഇരട്ടിപ്പ് കണ്ടുപിടിക്കാൻ കഴിയുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ രോഗത്തിന്റെ ഗൗരവം, രോഗിയുടെ പ്രായം, ചികിത്സാചെലവ്, സാമ്പത്തിക സ്ഥിതി തുടങ്ങിയവ കണക്കിലെടുത്താണ് ധനസഹായം അനുവദിക്കാറുള്ളത്.

ദുരിതാശ്വാസനിധി

50 (1874) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറവൂർ പഞ്ചായത്തിലെ കോവാട്ട് വീട്ടിൽ ശൗരിയാർ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി 19-5-2015-ൽ സമർപ്പിച്ച അപേക്ഷയിൽ (No. 4346/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി തുക അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 27-11-2015-ലെ സ.ഉ.(സാധാ) നമ്പർ 6331/15/റവ-ലെ ക്രമ നമ്പർ 20 പ്രകാരം ശൗരിയാറിന് ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,000 രൂപ (പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

GPM.2/240/2020-16

LIBRARY ARCHIVES Kerala Legislative Assembly